# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോ–ഓർഡിനേഷൻ സമിതി

**05–02–2009–ന് രാവിലെ 9.30 ന് കൂടുന്ന യോഗത്തിന്റെ അജണ്ട.**

## 1. പൊതുവിഷയങ്ങൾ

1.1 2008–09 വാർഷിക പദ്ധതി നിർവഹണ പുരോഗതി– അവലോകനം

| | | |
|---|---|---|
| *1.* | *ഗ്രാമപഞ്ചായത്തുകൾ :* | *പഞ്ചായത്ത് ഡയറക്ടർ* |
| *2.* | *ബ്ലോക്ക് പഞ്ചായത്തുകൾ:* | *ഗ്രാമവികസന കമ്മീഷണർ* |
| *3.* | *മുനിസിപ്പാലിറ്റികൾ :* | *നഗരകാര്യ ഡയറക്ടർ* |
| *4.* | *ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും :* | *അഡീഷണൽ സെക്രട്ടറി, തസ്വഭവ* |

*1.2* ജില്ലാ ആസൂത്രണസമിതിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി തദ്ദേശഭരണസ്ഥാപനങ്ങൾ 2008–09 വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള വിഹിതം നിക്ഷേപിക്കുന്നതിന് സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് ആരംഭിക്കുവാൻ അനുമതി നൽകണമെന്ന് കണ്ണൂർ ജില്ലാ ആസൂത്രണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്.

ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് ആംരംഭിക്കുവാൻ കാസറഗോഡ്, തൃശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകൾക്ക് മാത്രമാണ് 27.03.07–ലെസ.ഉ.(സാധാ) 2377/07/ധന നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത ഉത്തരവ് എല്ലാ ജില്ലകൾക്കും ബാധകമാക്കാവുന്നതാണ്.

1.3 കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള ഗ്രാമീണ വൈദ്യുതീകരണ പദ്ധതി (Rural Electrification Plan) നിർദ്ദേശങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായം അറിയിക്കണമെന്ന് ഊർജ്ജവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്.

1.4 അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയും ടൂർണമെന്റുകൾ സംഘടിപ്പിച്ചും യുവജനങ്ങൾക്കിടയിൽ (പ്രത്യേകിച്ച് ഗ്രാമപ്രദേശ ങ്ങളിൽ) സ്പോർട്സ്, ഗെയിംസ് എന്നിവയോട് ആഭിമുഖ്യം വളർത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള "പഞ്ചായത്ത് യുവ കൃദ ഓർ ഖേൽ അഭിയാൻ" (പി.വൈ.കെ.കെ.എ.) എന്ന പരിപാടിയുടെ പരിപ്രേക്ഷ്യ പദ്ധതിയും കർമ്മ പദ്ധതിയും ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്പോർട്സ് വകുപ്പിന് നൽകിയിരുന്നു. ഈ വിഷയം കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്.

1.5 തദ്ദേശഭരണ സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികൾ, വാങ്ങലുകൾ എന്നിവ നടത്തുമ്പോൾ പത്രപരസ്യം നൽകുന്നതിന് ചില നിബന്ധനകൾ പാലിക്കേണ്ടത് ആവശ്യമാണെന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരുന്നു.

1994–ലെ കേരളാ പഞ്ചായത്ത് രാജ് ആക്ടും 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ടും പ്രകാരം പുറപ്പെടുവിച്ച ചട്ടങ്ങളിലെ 9 (3), (എ), (ബി), (സി) ചട്ടങ്ങൾ പ്രകാരം പൊതുമരാമത്ത് പണിക്കുള്ള പരസ്യം സംബന്ധിച്ച വ്യവസ്ഥ ചുവടെ ചേർക്കുന്നു.

| **അടങ്കൽ തുക** | | **സമയപരിധി** | **ദിനപ്പത്രം** |
|---|---|---|---|
| 9 (3) (എ) | 1,00,000–10,00,000/– | 10 ദിവസം | തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്ത് പ്രചാരമുള്ള ഒരു പത്രത്തിൽ |
| 9 (3) (ബി) | 10,00,000–50,00,000/– | 20 ദിവസം | സംസ്ഥാനത്തുടനീളം പ്രചാരമുള്ള രണ്ട് മലയാളം ദിനപ്പത്രത്തിൽ |
| 9 (3) (സി) | 50,00,000/– ന് മേൽ | 20 ദിവസം | സംസ്ഥാനത്ത് പ്രചാരമുള്ള രണ്ട് മലയാളം ദിനപ്പത്രങ്ങളിലും ദേശീയ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും നിർബന്ധമായും, ആവശ്യമെങ്കിൽ മറ്റു പത്രങ്ങളിലും |

സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം സാധന സാമഗ്രികൾ വാങ്ങുമ്പോൾ 20,000 രൂപയിൽ താഴെയാണെങ്കിൽ പത്രപരസ്യം ഒഴിവാക്കാം.

**നഗരകാര്യ ഡയറക്ടർ നിർദ്ദേശിച്ച ഭേദഗതികൾ**

(a) സ്റ്റോർ പർച്ചേസ് ചട്ടങ്ങളിലെ കുറഞ്ഞ പരിധി 20,000/– രൂപ എന്നത് 50,000/– രൂപയായി ഭേദഗതി ചെയ്യാവുന്നതാണ്.

(b) ചട്ടങ്ങൾക്കുള്ള ഭേദഗതി

| **അടങ്കൽ തുക** | | **സമയപരിധി** | **ദിനപ്പത്രം** |
|---|---|---|---|
| 9 (3) (എ) | 20,000–10,00,000/– | 15 ദിവസം | റവന്യൂ ജില്ലയിൽ പ്രചാരമുള്ള ഒരു ദിനപ്പത്രം |
| 9 (3) (ബി) | 10,00,000–50,00,000/– | 20 ദിവസം | സംസ്ഥാനത്തുടനീളം പ്രചാരമുള്ള രണ്ട് മലയാളം ദിനപ്പത്രത്തിൽ |
| 9 (3) (സി) | 50,00,000/– ന് മേൽ | 1 മാസം | രണ്ട് മലയാളം ദിനപ്പത്രങ്ങളിലും ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും |

(c) നടപടിക്രമങ്ങൾക്ക് കൃത്യത വരുത്തുന്നതിനായി "സമയപരിധി കണക്കാക്കേണ്ടത് പത്രത്തിൽ പരസ്യം വന്ന തീയതി മുതൽ ടെണ്ടർ സമർപ്പിക്കേണ്ട തീയതി വരെയാണ്. 'രണ്ട് ദിവസങ്ങളും ഒഴിവാക്കി" എന്ന ക്ലിപ്ത നിബന്ധന ചട്ടങ്ങളിൽ വരുത്തണം.

**പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ച ഭേദഗതികൾ**

(a) 9-ാം ചട്ടം 3 (എ), (ബി), (സി) എന്നീ ഉപചട്ടങ്ങളിൽ അവസാനമായി "ആവശ്യമെങ്കിൽ മറ്റുപത്രങ്ങളിലും" എന്ന വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ എണ്ണം നിശ്ചയിക്കണം.

(b) 20,000/- രൂപയ്ക്ക് മേലുള്ള വാങ്ങലുകൾക്ക് പത്രപ്പരസ്യം ആവശ്യമാണെന്ന നിബന്ധന 9-ാം ചട്ടം 3 (എ), (ബി), (സി) ഉപചട്ടങ്ങൾക്ക് ശേഷം ചേർക്കണം.

**ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച ഭേദഗതികൾ**

(a) **ചട്ടങ്ങൾക്കുള്ള ഭേദഗതി**

| മതിപ്പ് ചെലവ് | ചുരുങ്ങിയ സമയം | പരസ്യ തീയതി |
|---|---|---|
| 25,000-ന് മേൽ 1,00,000 വരെ | 7 ദിവസം | ജില്ലയിൽ പ്രചാരമുള്ള ഒരു പ്രഭാത ദിനപ്പത്രം |
| 1,00,000-ന് മേൽ 10,00,000 വരെ | 10 ദിവസം | ജില്ലയിൽ 10,000 കോപ്പിയിൽ കുറയാതെ പ്രചാരമുള്ള മലയാള ദിനപ്പത്രം |
| 10,00,000-ന് മേൽ 50,00,000 വരെ | 20 ദിവസം | ജില്ലയിൽ 10,000-ന് മുകളിലും സംസ്ഥാന ത്തുടനീളം ഒരു ലക്ഷത്തിൽ കൂടുതലും പ്രചാരമുള്ള മലയാള ദിനപ്പത്രം |
| 50,00,000-ന് മേൽ | 20 ദിവസം | ജില്ലയിൽ 10,000-ന് മുകളിൽ പ്രചാരമുള്ള രണ്ട് മലയാള ദിനപ്പത്രത്തിലും ദേശീയ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്ര ത്തിലും |

(b) ജലസേചനം/പൊതുമരാമത്ത് വകുപ്പുകളിൽ ടെണ്ടർ പരസ്യം നൽകി വരുന്നത് 19.08.97-ലെ സർക്കാർ ഉത്തരവ് നമ്പർ 84/97/പി.ഡബ്ല്യൂ. & റ്റി. പ്രകാരം പബ്ലിക് റിലേഷൻസ് വകുപ്പ് നേരിട്ടാണ്. അതിന് താഴെ പറയുന്നതുപോലെ സമയക്രമം പാലിച്ചുവരുന്നു.

| | |
|---|---|
| 2,00,000/- രൂപ വരെ | 5 ദിവസം |
| 2,00,000/- രൂപ മുതൽ 15,00,000 രൂപവരെ | 10 ദിവസം |
| 15,00,000-ന് മേൽ | 20 ദിവസം |

(c) സാധന സാമഗ്രികൾ വാങ്ങുന്നതിനും പത്രപ്പരസ്യം നടത്തി വാങ്ങുന്ന തായിരിക്കും സുതാര്യമായ വ്യവഹാരം. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് ഓരോ വർഷവും ഒരു നിശ്ചിത സമയത്ത് പബ്ലിക് റിലേഷൻസ് വകുപ്പിൽനിന്നും ഓരോ പത്രത്തിന്റെയും ക്ലാസ്സിഫിക്കേഷൻ ലഭ്യമാക്കേ ണ്ടതാണ്.

ഈ വിഷയം സി.സി.യുടെ പരിഗണനയ്ക്ക് വന്നപ്പോൾ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ അഭിപ്രായംകൂടി കണക്കിലെടുത്തശേഷം നടപടിക്രമങ്ങൾ നിശ്ചയി ക്കാൻ തീരുമാനമെടുത്തു.

**പബ്ലിക് റിലേഷൻസ് വകുപ്പിന്റെ അഭിപ്രായം**

സർക്കാർ പരസ്യങ്ങൾ പ്രസിദ്ധികരിക്കുന്നത് സംബന്ധിച്ച നയവും എല്ലാ നടപടിക്രമങ്ങളും പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഉത്തരവുകളിൽ വ്യക്തമാണ്. നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ചീഫ് എഞ്ചിനീയർ എന്നിവരുടെ അഭിപ്രായവും ഈ ഉത്തരവുകളെ അടിസ്ഥാനമാക്കിയുള്ളതാണ്.

**സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അഭിപ്രായം**

സ്റ്റോർ പർച്ചേസ് മാന്വലിന്റെ പരിഷ്ക്കരണം വകുപ്പിന്റെ സജീവ പരിഗണനയിലാണ്. സാധന സാമഗ്രികൾ വാങ്ങുമ്പോൾ പത്രപരസ്യം ഒഴിവാക്കാവുന്ന കുറഞ്ഞ പരിധി 20,000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഷ്ക്കരണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

## 2. പ്രത്യേക വിഷയങ്ങൾ

### 2.1 കൊല്ലം ജില്ലാ പഞ്ചായത്ത്

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 'സ്പേഷ്യൽ പ്ലാനിംഗ് – ദേശീയ സെമിനാർ" എന്ന പ്രോജക്ടിന് അനുമതി.

ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭമായാണ് പ്രോജക്ട് നടപ്പാക്കുന്നത്. പ്രോജക്ട് അടങ്കൽ തുക 25 ലക്ഷം രൂപയാണ് (ജില്ലാപഞ്ചായത്ത് വിഹിതം – 10.00 ലക്ഷം രൂപ). പ്രോജക്ടിന് സർക്കാർ അനുമതി ആവശ്യമാണെന്ന് സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

### 2.2 കൊല്ലം കോർപ്പറേഷൻ

ലേലം ചെയ്ത പഴയ വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 2008–09 വാർഷിക പദ്ധതിയിൽ 57 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹനത്തിന്റെ തരം | ലേലം ചെയ്തവ | പുതുതായി വാങ്ങുന്നവ |
|---|---|---|
| 1.റോഡ് റോളർ | 1 | 1 |
| 2.ജീപ്പ് | 5 | 7 |
| 3.അംബാസിഡർ കാർ | 1 | -- |
| 4.ആംബുലൻസ് | 1 | -- |
| 5 ബൊലേറോ ജീപ്പ് | -- | 1 |

ലേലം ചെയ്തവയ്ക്ക് പകരം അധികമായി 2 ജീപ്പും ഒരു ബൊലേറോ ജീപ്പും വാങ്ങുന്നതിന് അനുമതി നൽകണമെന്നതാണ് കോർപ്പറേഷന്റെ ആവശ്യം.

(വികസനഫണ്ട് 33.85 ലക്ഷം രൂപ; തനത്ഫണ്ട് 23.15 ലക്ഷം രൂപ)

### 2.3 പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി

നഗരസഭാ പ്രദേശത്ത് കഴിഞ്ഞ 10 വർഷമായി പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സയും ഹോം കെയർ സംവിധാനവും നടത്തി വരുന്ന പെയിൻ & പാലിയേറ്റീവ് ക്ലിനിക്കിന് ഒരു ആംബുലൻസ് വാങ്ങി നൽകുന്നതിനായി 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടിന് (വികസനഫണ്ട് 3.00 ലക്ഷം രൂപ) അനുമതി.

### 2.4 കൊല്ലം ജില്ലാപഞ്ചായത്ത്

ജില്ലാ പഞ്ചായത്തിന്റെ ഭാഗമായ ദാരിദ്ര്യലഘൂകരണ യൂണിറ്റിനുവേണ്ടി ഡി.ആർ.ഡി.എ. ഫണ്ട് വിനിയോഗിച്ച് പുതുതായി നിർമ്മിച്ച ഓഫീസ് കെട്ടിടത്തിന്റെ അവശേഷിക്കുന്ന പ്രവൃത്തിയായ പാർട്ടീഷൻ വർക്ക് പൂർത്തീ കരിക്കുന്നതിന് ആവശ്യമായ 3.5 ലക്ഷം രൂപ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിന്റെ റോഡ് റോളർ അക്കൗണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി.

### 2.5 എസ്റ്റേറ്റ് മേഖലയിലെ റോഡുകളുടെ മെയിന്റനൻസ്

ഇടുക്കി ജില്ലയിലെ തോട്ടം മേഖലയിലെ റോഡുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് പരിഷ്കരിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2003–ൽ സർക്കാരിന് നിരവധി നിവേദനങ്ങൾ ലഭിച്ചിരുന്നു. പ്രസ്തുത ആവശ്യം കോ–ഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ മൂന്നാർ, ദേവികുളം, പീരുമേട്, ഏലപ്പാറ എന്നീ ഡിവിഷനുകളിലെ എസ്റ്റേറ്റുടമകൾ പാട്ട വ്യവസ്ഥയിൽ കൈവശം വച്ചിട്ടുള്ള ഭൂമിയിൽ കൂടി കടന്നുപോകുന്ന റോഡുകൾ എസ്റ്റേറ്റ് ഉടമകളുടെ സമ്മതപത്രം വാങ്ങി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് പരിഷ്കരിക്കുന്നതിന് 20.05.2003–ലെ സ.ഉ.(സാധാ)1721/03/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത റോഡുകൾ ടാർ ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കാൻ പാടില്ലെന്നും ഈ ഉത്തരവ് മുഖേന നിർദ്ദേശം നൽകിയിരുന്നു.

റോഡുകൾ ടാർ ചെയ്യുന്നതിനും അറ്റകുറ്റപ്പണി ചെയ്യുന്നതിനും ഉള്ള അനുമതി കൂടി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ ലഭിച്ചതിനെ തുടർന്ന് തോട്ടം മേഖലയിലെ എസ്റ്റേറ്റ് ഉടമകളുടെ/സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള സ്വകാര്യ റോഡുകൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കൈമാറിയതിനു ശേഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് ടാറിംഗ്/അറ്റകുറ്റപ്പണികൾ നടത്താവുന്നതാണെന്ന് 26.09.2006–ലെ 34807/ഡി.പി.1/06/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം വിശദീകരണം നൽകിയിരുന്നു.

റോഡുകൾ ഗ്രാമപഞ്ചായത്തിന് കൈമാറിയതിനു ശേഷം മാത്രമേ ടാറിംഗ്/അറ്റകുറ്റപ്പണികൾ നടത്താൻ പാടുള്ളൂ എന്ന വ്യവസ്ഥ കാരണം തോട്ടം

മേഖലയിൽ ഒരു പ്രവൃത്തിയും നടപ്പാക്കാൻ കഴിയുന്നില്ലെന്നും ആയതിനാൽ പ്രസ്തുത സർക്കുലർ റദ്ദ് ചെയ്ത്, എസ്റ്റേറ്റ് ഉടമകളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരണ ജോലികൾ ഏറ്റെടുക്കാവുന്നതാണെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള 20.05.2003-ലെ ഉത്തരവ് നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ദേവികുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, മൂന്നാർ, ദേവികുളം എന്നീ ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റുമാർ എന്നിവർ സർക്കാരിനോട് 2008-ഫെബ്രുവരിയിൽ ആവശ്യപ്പെട്ടിരുന്നു.

ഈ വിഷയം 21.02.2008-ന് കൂടിയ സി.സി. യോഗം ചർച്ച ചെയ്ത് ചുവടെ ചേർത്തിരിക്കുന്ന തീരുമാനം കൈക്കൊള്ളുകയുണ്ടായി.

"പാട്ടഭൂമി സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണ്. റോഡുകൾ സർക്കാരിന്/ ഗ്രാമപഞ്ചായത്തിന് കൈമാറിയതിനുശേഷം പൊതുഫണ്ട് വിനിയോഗിക്കാവുന്നതാണ്. 26.09.2006-ലെ സർക്കുലറിലെ നിർദ്ദേശങ്ങൾ തുടർന്നും പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. എസ്റ്റേറ്റ് ഉടമകളുടെ സമ്മതപത്രം വാങ്ങിയതിനു ശേഷം ടാറിംഗ് ഒഴികെയുള്ള റോഡ് പരിഷ്കരണ ജോലികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണെന്ന 20.05.2003-ലെ സ.ഉ.(സാധാ).1721/03/ തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശം ഇപ്പോൾ പ്രാബല്യത്തിലുണ്ടോ എന്നത് സംബന്ധിച്ച് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടത് ആവശ്യമായതിനാൽ മന്ത്രിസഭയുടെ അംഗീകാരത്തോടെ 20.05.2003-ലെ ഉത്തരവ് റദ്ദു ചെയ്യണം".

കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശം 14.05.2008-ലെ മന്ത്രിസഭായോഗം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 20.05.2003-ലെ ഉത്തരവ് റദ്ദുചെയ്തുകൊണ്ടും സർക്കുലറിലെ നിർദ്ദേശങ്ങൾ മാത്രമേ പ്രാബല്യത്തിലുണ്ടായിരിക്കുകയുള്ളൂവെന്നും വ്യക്തമാക്കിക്കൊണ്ട് 17.05.2008-ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

എന്നാൽ പ്രസ്തുത ഉത്തരവ് കാരണം എസ്റ്റേറ്റ് മേഖലയിലെ റോഡുകളുടെ പരിഷ്ക്കരണ ജോലികൾക്ക് തടസ്സമുണ്ടാക്കിയിരിക്കുകയാണെന്നും വികസന പ്രവർത്തികൾ മുഴുവൻ സ്തംഭിച്ചിരിക്കുകയാണെന്നും ആയതിനാൽ എസ്റ്റേറ്റ് ഉടമകളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ റോഡ് അറ്റകുറ്റപ്പണികൾ ഏറ്റെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നും സൂചിപ്പിച്ചുകൊണ്ട് ദേവികുളം എം.എൽ.എ. ശ്രീ.എസ്. രാജേന്ദ്രൻ ഉൾപ്പെടെ നിരവധിപേർ നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി. ഈ വിഷയത്തിൽ ശ്രീമതി ഇ.എസ്.ബിജിമോൾ എം.എൽ.എ. നിയമസഭയിൽ ഉന്നയിച്ച ചോദ്യത്തിന് വിഷയം സർക്കാർ പരിശോധിച്ചുവരികയാണെന്ന മറുപടിയാണ് നൽകിയിരുന്നത്.

ഈ സാഹചര്യത്തിൽ എസ്റ്റേറ്റ് ഉടമകളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ റോഡ് പരിഷ്ക്കരണ പ്രവർത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ അനുമതി നൽകേണ്ടതുണ്ടോ എന്ന വിഷയം 4.10.2008–ൽ കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗം ചർച്ച ചെയ്യുകയും മുൻ തീരുമാനം പുനഃപരിശോധിക്കുന്നതിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. അതുപ്രകാരം ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ചുവടെ പ്രതിപാദിക്കുന്ന അഭിപ്രായം മുഖ്യമന്ത്രി രേഖപ്പെടുത്തിയിട്ടുണ്ട്.

"14.05.2008–ലെ മന്ത്രിസഭാ യോഗം ഇക്കാര്യം പരിശോധിച്ചതാണ്. സർക്കാർ/തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് റോഡുകളുടെ ഉടമസ്ഥാവകാശം വിട്ടുതരുന്ന മുറയ്ക്ക് മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് ടാറിംഗ് പണികൾ ചെയ്യാൻ കഴിയൂവെന്നാണ് തീരുമാനം. അത് പുനഃപരിശോധിക്കേണ്ട അവസ്ഥ ഇപ്പോഴുണ്ടോയെന്ന കാര്യം വിശദമായി പരിശോധിക്കുക".

## 2.6 പീരുമേട് ഗ്രാമപഞ്ചായത്ത്

എട്ട് എൽ.പി/യു.പി. സ്കുളുകളിലെ 2000–ലധികം കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുന്നതിനും ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിൽ പ്രത്യേക കോച്ചിംഗ് നൽകുന്നതിന് 16 അദ്ധ്യാപകരുടെ സേവനം പ്രദാനം ചെയ്യുന്നതിനും പ്രോജക്ടുകൾ നടപ്പാക്കി വരുന്നുണ്ട്. 2006–07ൽ തനത് ഫണ്ടിൽ നിന്നാണ് ചെലവുകൾ വഹിച്ചിരുന്നത്.

2007–08–ൽ പ്രസ്തുത പ്രോജക്ട് തനതുഫണ്ട് വിനിയോഗിച്ച് തുടർന്ന് നടപ്പാക്കുവാൻ ഗ്രാമപഞ്ചായത്ത് അനുമതി ആവശ്യപ്പെട്ടിരുന്നു. അദ്ധ്യാപകരെ 170 രൂപ ദിവസവേതന നിരക്കിൽ നിയോഗിക്കുന്നതിനും കുട്ടികൾക്ക് യൂണിഫോം വാങ്ങി നിൽക്കുന്നതിനും അയൽക്കൂട്ട പഠനം നടത്തുന്നതിനുമാണ് അനുമതി ആവശ്യപ്പെട്ടിരുന്നത്. ഈ വിഷയം 22.08.2007–ൽ കൂടിയ CC യോഗം ചർച്ച ചെയ്ത് ഓരോ സ്കൂളിലെയും അദ്ധ്യാപക തസ്തികയിലെ ഒഴിവുകളുടെ എണ്ണം, പ്രത്യേക പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം, താൽക്കാലികാടി സ്ഥാനത്തിൽ നിയമിക്കുന്ന അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത എന്നീ വിവരങ്ങൾ കൂടി ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

a) ഒരു കുട്ടിക്ക് 257.06 രൂപ എന്ന നിരക്കിൽ 1859 കുട്ടികൾക്ക് യൂണിഫോം വിതരണത്തിന് 4,77,875 രൂപ ചെലവാക്കിയിട്ടുണ്ട്.

b) ഒരു അദ്ധ്യാപകന് ഒരു ദിവസം 170 രൂപ എന്ന നിരക്കിൽ നിയമനം നൽകിയിട്ടുള്ള എല്ലാ അദ്ധ്യാപകർക്കും കൂടി 2007–08 അദ്ധ്യയനവർഷത്തേക്ക് വേണ്ടി വരുന്ന ആകെ വേതനം : 2,19,480 രൂപ

c) ആകെ 32 അയൽപക്കപഠന കൂട്ടങ്ങളിലായി 1742 കുട്ടികൾ പങ്കെടുത്തു. ആകെ 1,73,900 രൂപ ചെലവഴിച്ചിട്ടുണ്ട്.

എട്ട് എൽ.പി. സ്കൂളുകളിലായി 70 തസ്തികകൾ അനുവദിച്ചിട്ടുണ്ടെങ്കിലും 10 തസ്തികകൾ ഒഴിവാണെന്നും (തമിഴ് – 8 അറബിക് – 2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ദീർഘനാളായി പഞ്ചായത്തിൽ നിന്നും ഔദ്യോഗിക, സാമൂഹ്യരംഗങ്ങളിലേയ്ക്ക് ഒരാളെപ്പോലും വളർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലെന്നും കുട്ടികൾ ഏറ്റവും പിന്നോക്കം നിൽക്കുന്നത് ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിലാണ് എന്നതിനാലാണ് പ്രത്യേകം പരിശീലനം നൽകിവരുന്നതെന്നും ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കാരണങ്ങളിലാണ് സ്കൂളുകളിൽ അദ്ധ്യാപകർ ഉണ്ടെങ്കിലും BEd യോഗ്യതയുള്ള അദ്ധ്യാപകരെ പ്രത്യേകം നിയോഗിക്കാൻ തീരുമാനിച്ച തെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## 2.7 ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'കൃഷി വികസനത്തോടനുബന്ധിച്ച് ഫാം ടൂറിസം' എന്ന പ്രോജക്ടിന് അനുമതി.

200 ഹെക്ടർ പൊക്കാളി കൃഷി ചെയ്തു വരുന്ന കടമക്കുടി ഗ്രാമപഞ്ചായത്തിലാണ് പ്രോജക്ട് നടപ്പാക്കുന്നത്. പ്രോജക്ട് പ്രവർത്തനങ്ങളും ധനകാര്യ വിശകലനവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് | ആകെ തുക | സബ്സിഡി തുക |
|---|---|---|---|---|---|
| 1 | പാടശേഖരസമിതികൾക്ക് ഡീസൽ എൻജിൻ പമ്പ്സെറ്റ് (5HP) വിതരണം | 5 | 30,000 | 1,50,000 | 1,50,000 |
| 2 | പാടശേഖര സമിതികൾക്ക് പാറ്റുയന്ത്രം വിതരണം | 2 | 25,000 | 50,000 | 50,000 |
| 3 | പാടശേഖര സമിതിയിലെ അംഗങ്ങളായ കർഷകർക്ക് 50% സബ്സിഡിയിൽ കോൺക്രീറ്റ് മെതിക്കളം നിർമ്മിക്കൽ | 9 | 1,00,000 | 9,00,000 | 4,50,000 |
| 4 | ഫാം ടൂറിസവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ | | | | |
| | 1. താൽക്കാലിക ഷെഡ് – ഓല, ചൂരൽ,മുള, പനമ്പ് എന്നിവ ഉപയോഗിച്ചുള്ളത്. ഇരിപ്പിട സൗകര്യം ഒരുക്കൽ | 2 | 50,000 | 1,00,000 | 50,000 |
| | 2. പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള സൗകര്യം ഒരുക്കൽ | 2 | 20,000 | 40,000 | 20,000 |
| | 3. നിലമൊരുക്കൽ– കടവ് നിർമ്മാണം, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യം | 2 | 30,000 | 60,000 | 30,000 |
| 5 | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടു വരുന്ന മറ്റ് ചെലവുകൾ | | | 14,000 | 14,000 |
| **ആകെ** | | | | **13,14,000** | **7,64,000** |

ഫാം ടൂറിസം വികസനത്തിന് ഉത്പാദനമേഖലാ വിഹിതം വിനിയോഗിക്കാൻ പാടില്ലെന്നും മെതികളത്തിന് സബ്സിഡി അനുവദനീയമല്ലെന്നുമുള്ള കാരണങ്ങളാൽ പ്രോജക്ടിന് അനുമതി നൽകേണ്ടതില്ലെന്നാണ് ടി.എ.ജി. ശുപാർശ ചെയ്തത്. എന്നാൽ ജില്ലാ ആസൂത്രണസമിതി പ്രോജക്ടിന് അനുമതി നൽകുകയുണ്ടായി. നിർവഹണ ഉദ്യോഗസ്ഥൻ തടസവാദം ഉന്നയിച്ചതിനെ തുടർന്നാണ് ബ്ലോക്ക് പഞ്ചായത്ത് സർക്കാർ അനുമതി ആവശ്യപ്പെട്ടിട്ടുള്ളത്.

***ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട്:*** പാടശേഖര സമിതി അംഗങ്ങളായ കർഷകർക്ക് 50% സബ്സിഡിയിൽ കോൺക്രീറ്റ് മെതിക്കളം നിർമ്മിക്കുന്നതിന് സബ്സിഡിയായി 4,50,000/- രൂപയാണ് വകയിരുത്തിയിരിക്കുന്നത് (ആകെ അടങ്കൽ 9 ലക്ഷം രൂപയും ഒരു മെതിക്കളത്തിന് 1 ലക്ഷം രൂപയും).

ഇതിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ചും മെതിക്കളം പൊതുസ്ഥലത്താണോ കർഷകരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണോ നിർമ്മിക്കുന്നത് എന്നത് സംബന്ധിച്ചും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി താഴെപറയും പ്രകാരം വിശദീകരണം നൽകിയിട്ടുണ്ട്.

കൃഷി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പാടശേഖര സമിതികളിൽ നിന്നും നിർവഹണ ഉദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന അപേക്ഷകൾ സ്വീകരിച്ച് ബ്ലോക്ക് പഞ്ചായത്ത് സമിതി പരിശോധിച്ച് അംഗീകരിക്കുന്ന പാടശേഖരസമിതികൾക്കാണ് ആനുകൂല്യം നൽകുന്നത്. പാടശേഖര സമിതി കൾക്ക് സ്വന്തമായി മെതിക്കളം നിർമ്മിക്കുന്നതിനുള്ള കരഭൂമി ഇല്ലാത്തതിനാൽ പാടശേഖര സമിതി അംഗങ്ങളിൽ ഒരാളുടെ സ്ഥലത്ത് മറ്റ് അംഗങ്ങളുടെയും കൂടി നെല്ല് കറ്റ വയ്ക്കുന്നതിനുള്ള അനുമതി ലഭ്യമാക്കിയതിനുശേഷം 50% സബിസിഡിയിൽ പൊതു മെതിക്കളം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

കൃഷി വകുപ്പിൽ ഇതിന് സമാനമായ പദ്ധതി നടപ്പാക്കുന്നുണ്ട്. ഗ്രൂപ്പ് ഫാമിംഗ് പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ഗോഡൗൺ നിർമ്മാണം, പൊതു ഡ്രൈയിംഗ് യാർഡുകളുടെ നിർമ്മാണം എന്നിവ ഏറ്റെടുക്കാവു ന്നതാണെന്നു കാണുന്നു. എന്നാൽ സബ്സിഡി നിരക്കോ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ നൽകാവുന്ന സഹായത്തിന് ഒരു പരിധിയോ നിശ്ചയിച്ചതായി കാണുന്നില്ല.

പ്രോജക്ട് ഉല്പ്പാദന മേഖലയിൽ ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. 1,14,000/-രൂപ ഫാം ടൂറിസവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് വകയിരുത്തിയിരിക്കുന്നത്. ഇതും കൃഷി വികസനവും സംബന്ധിച്ച ബന്ധം സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി താഴെപ്പറയും പ്രകാരം അറിയിച്ചിട്ടുണ്ട്.

പൊക്കാളി കൃഷി ഇപ്പോൾ ഭൂപ്രദേശ സൂചികയിൽ അംഗീകരിച്ചിട്ടുണ്ട്. അതു പ്രകാരം പൊക്കാളി നെല്ലിന്റെ അരിയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണനം ചെയ്യാൻ sales outlets നിർമ്മിക്കുന്നതിന് 50% സബ്സിഡി അനുവദിക്കുന്നതിനാണ് പ്രോജക്ട് വിഭാവന ചെയ്യുന്നത്. പ്രകൃതി രമണീയമായ കായലോര ദ്വീപുകളുടെ ഭംഗി ആസ്വദിക്കുന്നതിനും ഈ പ്രത്യേക കൃഷി സമ്പ്രദായം കാണുന്നതിനും ടൂറിസ്റ്റ് കേന്ദ്രമായി ഈ പ്രദേശത്തെ KTDC അംഗീകരിച്ചു വരുന്നു. ഈ നിലയ്ക്ക് ഇതൊരു ആകർഷക കേന്ദ്രമായി തീരുമ്പോൾ കർഷകർക്ക് വരുമാന വർദ്ധന ഉണ്ടാകുന്നതാണ്.

ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഈ പ്രോജക്ടിന് പ്രത്യേക അനുമതി നൽകാവുന്നതാണ്.

(1) മെതിക്കളം നിർമ്മിക്കുന്ന സ്ഥലം, പാടശേഖര സമിതി ഐകകണ്ഠേന നിശ്ചയിക്കേണ്ടതാണ്. മെതിക്കളം നിർമ്മിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥനായ കർഷകനിൽ നിന്നും മറ്റ് അംഗങ്ങൾക്ക് കൂടി ഉപയോഗിക്കുന്നതിന് സമ്മതമാണെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഒരു എഗ്രിമെന്റ് ബ്ലോക്ക് പഞ്ചായത്ത് വാങ്ങേണ്ടതാണ്. ഈ വ്യവസ്ഥ ലംഘിക്കുകയാണെങ്കിൽ മെതിക്കളത്തിന്റെ ആകെ നിർമ്മാണ ചെലവ് ടിയാനിൽ നിന്നും ഈടാക്കുന്നതിന് സമ്മതമാണെന്നും വ്യവസ്ഥ ചെയ്യേണ്ടതാണ്.

(2) സബ്സിഡി നൽകുന്നത് അസിസ്റ്റന്റ് എഞ്ചിനീയർ മെതിക്കളത്തിന്റെ മൂല്യ നിർണ്ണയം നടത്തിയതിനുശേഷമായിരിക്കണം.

**2.8 തിരുവനന്തപുരം ജില്ലാപഞ്ചായത്ത്**

നാട്ടിലെ പ്രാദേശിക സർവകലാശാല എന്ന നിലയിൽ പ്രവർത്തിച്ചു വരുന്ന ഗ്രന്ഥശാലാ പ്രസ്ഥാനത്തെ പരിപോഷിപ്പിക്കേണ്ടത് പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ ത്രിതല പഞ്ചായത്തുകളുടെ ചുമതലയാണ്. പ്രസ്തുത കാഴ്ചപ്പാടോടെ ഗ്രന്ഥശാലകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 2008-09 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത നടപടിക്ക് അംഗീകാരം നൽകണമെന്നതാണ് ആവശ്യം.

**2.9 ഭവനനിർമ്മാണ വകുപ്പ്**

വാർഷികപദ്ധതി അംഗീകാര സമയത്ത് എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി സംബന്ധിച്ച് ചില അവ്യക്തതകൾ നിലനിന്നിരുന്നത് കാരണം പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും മതിയായ വിഹിതം വകയിരുത്താൻ കഴിഞ്ഞിരുന്നില്ല. ഈ പദ്ധതിയ്ക്കായി സംസ്ഥാന ഗവൺമെന്റ് 17 കോടി രൂപ ഭവനനിർമ്മാണ ബോർഡിന് കൈമാറിയിട്ടുണ്ട്. ഈ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഗവൺമെന്റ് നൽകുന്ന സബ്സിഡി തുകയ്ക്ക് തുല്യമായ തുക തദ്ദേശഭരണ സ്ഥാപനങ്ങൾ നീക്കിവച്ച് ഭവനനിർമ്മാണ ബോർഡിനെ അറിയിക്കുന്ന

മുറയ്ക്ക് മാത്രമെ സംസ്ഥാന വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയുള്ളൂ. സാമ്പത്തിക വർഷം അവസാനിക്കാൻ ഏതാനും മാസം മാത്രം അവശേഷിക്കെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ആത്മാർത്ഥമായ സമീപനം ഉണ്ടായാൽ മാത്രമെ ലക്ഷം വീടുകളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയുകയുള്ളൂ. ചെലവഴിക്കപ്പെടാത്ത ഫണ്ടുകൾ മേഖലാവിഭജനത്തിന്റെ പരിഗണന കൂടാതെ എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയ്ക്കായി വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാവുന്നതാണ്.

### 2.10 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

2008–09 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ പരിശീലന കേന്ദ്രം – വനിത (ജനറൽ–20.00 ലക്ഷം രൂപ), ഫാഷൻ ഡിസൈനിംഗ് പരിശീലനവും തൊഴിൽ സംരംഭങ്ങളും (പട്ടികജാതി–24.00 ലക്ഷം രൂപ) എന്നീ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ കുടുംബശ്രീ ജില്ലാമിഷൻ കോ–ഓർഡിനേറ്ററാണ്. ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയാണ് (NIFT) പരിശീലനം നൽകുന്നത്. പദ്ധതി നിർവ്വഹണം നടത്തുന്നതിനായി സ്ഥാപനത്തിന് മുൻകൂർ തുക നൽകേണ്ടതുണ്ട്. ആയതിനാൽ രണ്ട് പ്രോജക്ടുകൾക്കും വകയിരുത്തി യിട്ടുള്ള തുക (ആകെ 44.00 ലക്ഷം രൂപ) സ്ഥാപനത്തിന് മുൻകൂർ നൽകുവാൻ അനുമതി നൽകണമെന്നതാണ് ആവശ്യം. 2006–07–ൽ തുക മുൻകൂർ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

### 2.11 കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്

റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിനായി 2008–09 വാർഷികപദ്ധതിയിൽ നിർദ്ദേശിച്ചിരുന്ന ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾക്ക് അനുമതി.

| | |
|---|---|
| 1)പഞ്ചായത്ത് കോൺഫറൻസ് ഹാൾ അറ്റകുറ്റപ്പണി | –1.00 ലക്ഷം രൂപ |
| 2) പഞ്ചായത്ത് ഗ്യാരേജ് അറ്റകുറ്റപ്പണി | –50,000 രൂപ |
| 3) കോഴഞ്ചേരി മാർക്കറ്റിൽ യൂറിൻ ഷെഡ് നിർമ്മാണം | –1.00 ലക്ഷം രൂപ |
| 4) കോഴഞ്ചേരി മാർക്കറ്റ് സ്റ്റാൾ പുനരുദ്ധാരണം | –3.00 ലക്ഷം രൂപ |

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ഗവൺമെന്റ് യു.പി. സ്കൂളും പി.എച്ച്. സബ്സെന്ററുമാണ്. ഇവയുടെ അറ്റകുറ്റപ്പണിക്ക് റോഡിതര മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ലഭിക്കുന്ന മുഴുവൻ തുകയും (10.40 ലക്ഷം രൂപ) ആവശ്യമില്ല. വെറ്ററിനറി ആശുപത്രി വാടകകെട്ടിടത്തിലും കൃഷിഭവൻ പഞ്ചായത്ത് പണിതിട്ടുള്ള കെട്ടിടത്തിലുമാണ്

പ്രവർത്തിക്കുന്നത്. അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്നതിനാണ് മുകളിൽ സൂചിപ്പിച്ച പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്.

### 2.12 വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത്

റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിനായി 2008–09 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയ 'പഞ്ചായത്താഫീസ് നവീകരണം' എന്ന പ്രോജക്ടിന് (14,38,333 രൂപ) അനുമതി.

1961–ൽ രൂപീകരിച്ച വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് 1969 മുതൽ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 39 വർഷത്തോളം പഴക്കമുള്ള ഈ കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. കൈമാറിക്കിട്ടിയത് ഉൾപ്പെടെയുള്ള ജീവനക്കാരു ടെയും വാർഡുകളുടെയും വർദ്ധനവിനനുസരിച്ച് കാലികമായ മാറ്റം ഓഫീസിനു ണ്ടായിട്ടില്ല. വികസനഫണ്ടിൽ തുക കുറവായതിനാലാണ് മെയിന്റനൻസ് ഫണ്ട് വകയിരുത്തിയത്. മെയിന്റനൻസ് ഫണ്ട് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് മാത്രമെ വിനിയോഗിക്കാൻ പാടുള്ളൂ എന്നും തുക വളരെ കൂടുതലാണെന്നുമുള്ള കാരണങ്ങളാൽ ഡി.പി.സി. പ്രോജക്ടിന് അനുമതി നിരസിക്കുകയുണ്ടായി.

### 2.13 പഴയന്നൂർ ഗ്രാമ പഞ്ചായത്ത്

50 വർഷത്തിലധികം പഴക്കമുള്ള പഴയന്നൂർ വാട്ടർ സപ്ലൈ സ്കീം 2004–ലാണ് ഗ്രാമപഞ്ചായത്തിന് കൈമാറിയത്. പൈപ്പുകൾ ദ്രവിക്കുകയും ഫലപ്രദമാംവിധം കുടിവെള്ളവിതരണം നടത്താൻ കഴിയാത്ത സാഹചര്യം വന്നതിനാലും ശാശ്വത പരിഹാരം കാണുന്നതിനായി ചീരക്കുഴി ഡാമിൽനിന്നും വെള്ളം പമ്പ് ചെയ്ത് ശുദ്ധജല വിതരണം നടത്തുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടതിന് മറുപടിയായി പ്രാരംഭ ചെലവുകൾക്ക് 50,000 രൂപ അഡ്വാൻസായി നൽകണമെന്നും പ്രോജക്ട് ചെലവിന്റെ 1.50 ശതമാനം കൺസൾട്ടൻസി ഫീസായി പുതുതായി രൂപീകരിച്ച കൺസൾട്ടൻസി വിംഗിന് നൽകണമെന്നും കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരള വാട്ടർ അതോറിട്ടിയുടെ കൺസൾട്ടൻസി വിംഗുമായി കരാറിൽ ഏർപ്പെടുന്നതിനും കൺസൾട്ടൻസി ഫീസ് ഇനത്തിൽ നൽകേണ്ട തുക വികസനഫണ്ടിൽനിന്ന് അനുവദിക്കുന്നതിനും അനുമതി നൽകണമെന്നതാണ് ഗ്രാമപഞ്ചായത്തിന്റെ ആവശ്യം.

### 2.14 തൃശൂർ ജില്ലാ പഞ്ചായത്ത്

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊയ്ത്ത് മെതിയന്ത്രം റിപ്പയർ ചെയ്യുന്നത് ലാഭകരമല്ല എന്നുള്ളതുകൊണ്ട് ഉപയോഗ ശൂന്യമായ നിലയിൽ വിറ്റഴിക്കുന്നതായിരിക്കും ഉചിതമെന്ന് പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ യന്ത്രം വിറ്റഴിക്കുന്നതിന് അനുമതി നൽകണമെന്നതാണ് ജില്ലാ പഞ്ചായത്തിന്റെ ആവശ്യം.

## 2.15 മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്

2007–08 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയ 'കിണർ നിർമ്മാണം' എന്ന പ്രോജക്ടിന്, ഒരു ഗുണഭോക്താവിന് 15,000 രൂപ സബ്സിഡി അനുവദിക്കു ന്നതരത്തിലാണ് ഡി.പി.സി.യുടെ അനുമതി ലഭിച്ചത്. 2007–08–ൽ മൂന്ന് ഗുണഭോക്താക്കൾക്ക് 15,000 രൂപവീതം നൽകിയിട്ടുണ്ട്. 2008–09–ൽ പ്രോജക്ട് സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 15,000 രൂപ സബ്സിഡി അനുവദിക്കാൻ കഴിയുകയില്ലെന്നും ഡി.എൽ.ടി.എ.ജി. നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ സബ്സിഡി നൽകാൻ കഴിയുകയുള്ളൂവെന്നുമുള്ള നിലപാടാണ് സെക്രട്ടറി സ്വികരിച്ചിട്ടുള്ളത്. 15,000 രൂപ വീതം നൽകാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ (വി.ഇ.ഒ.) തയ്യാറാണ്. മലമ്പ്രദേശത്ത് കിണർ കുഴിക്കാൻ വലിയൊരു തുക ചെലവ് വരുമെന്നതിനാൽ ഗുണഭോക്താക്കൾ മുന്നോട്ട് വരില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 15,000 രൂപ വീതം സബ്സിഡി അനുവദിക്കു ന്നതിന് പ്രത്യേകാനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്നു.

## 2.16 മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് എന്ന പ്രോജക്ടിന് (റോഡിതരം–6.00 ലക്ഷം രൂപ) അനുമതി. ഓഫീസ് മെയിന്റനൻസ്, പെയിന്റിംഗ്, റീവയറിംഗ്, ഹാൾ നവീകരണം എന്നീ പ്രവൃത്തികളാണ് നിർദ്ദേശിച്ചിട്ടുള്ളത്.

## 2.17 കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

നിർമ്മിതി കേന്ദ്രങ്ങൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് 10 ശതമാനം ഇൻസ്റ്റിറ്റ്യൂഷണൽ ഫീസ് അനുവദിക്കണമെന്നതാണ് ആവശ്യം.

## 2.18 കൊച്ചി കോർപ്പറേഷൻ

2007–08 വാർഷികപദ്ധതിയിൽ ഉശപ്പെടുത്തിയിരുന്നതിൽ നിർവ്വഹണം പൂർത്തിയാകാത്ത 33 പ്രോജക്ടുകൾ സ്പിൽഓവറായി 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ വിട്ടുപോയതിനാൽ പ്രസ്തുത പ്രോജക്ടുകൾ വാർഷികപദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി.

## 2.19 കൊല്ലം കോർപ്പറേഷൻ

2007–08–ൽ നിർവ്വഹണം ആരംഭിച്ചതും നിർവ്വഹണം പൂർത്തിയാകാത്തതുമായ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ വിട്ടുപോയി. പ്രസ്തുത പ്രോജക്ടുകൾ വാർഷികപദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി.

| 2007–08 ലെ നമ്പർ | 2008–09 ലെ നമ്പർ പ്രോഗ്രാം | പ്രോജക്ടിന്റെ പേര് | വികസന ഫണ്ട് | തനത് ഫണ്ട് | മെയിന്റനൻസ് ഫണ്ട് |
|---|---|---|---|---|---|
| 575 | 1006 | അറുന്നൂറ്റിമംഗലം കോളനി സമഗ്രവികസനം | 518161 (SCP) | | |
| 390 | 593 | ആറ്റിൻകുഴിക്ക് സമീപം അലിയാരുടെ വസതിക്ക് സമീപം ഇടവഴി കോൺക്രീറ്റ് | | 134000 | |
| 293 | 451 | ഷിഫാ ഹോസ്പിറ്റലിന് എതിർവശം റോഡ് ടാറിംഗ് ഇടവഴി കോൺക്രീറ്റിംഗ് | | 485000 | |
| 94 | 1016 | ഓടിട്ടവീടുകളുടെ അറ്റകുറ്റപ്പണികൾ | 348750 | | |
| 95 | 1017 | ഓടിട്ടവീടുകളുടെ അറ്റകുറ്റപ്പണികൾ | 367500 | | |
| 635 | 1018 | ചാത്തിനാംകുളം ഡിവിഷനിലെ റോഡുകൾ അറ്റകുറ്റപ്പണികൾ | | | 266204 |
| 707 | 1019 | മുണ്ടയ്ക്കൽ എൽ.പി.എസ്. അറ്റകുറ്റപ്പണികൾ | | | 92935 |
| 775 | 1020 | കയർമാറ്റ് വാങ്ങൽ | | | 58023 |
| 591 | 1021 | ഇടപ്പാടം കോളനി നവീകരണം | 390972 | | |
| 593 | 1022 | അംബേദ്ക്കർ കുഴിക്കരകോളനി നവീകരണം | 476438 | | |
| 774 | 1023 | റ്റി.എം.വർഗ്ഗീസ് മെമ്മോറിയൽ ലൈബ്രറി മെയിന്റനൻസ് | | | 324324 |

### 2.20 കോട്ടയം ജില്ലാ പഞ്ചായത്ത്

2006–07 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തതും നിർവഹണം പൂർത്തിയാകാത്തതുമായ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ 2008–09 വാർഷിക പദ്ധതിയിൽ സ്പിൽഓവറായി ഉൾപ്പെടുത്തുന്നതിന് അനുമതി.

(1) വട്ടകപ്പാറ നാച്ചി കോളനി ജലസേചന പദ്ധതി

(2) കോഴ സീഡ് ഫാമിന്റെ അറ്റകുറ്റപ്പണികൾ

### 2.21 പുലമന്തോൾ ഗ്രാമ പഞ്ചായത്ത്

2002–03 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ 2003–04–ൽ പൂർത്തീകരിച്ചുവെങ്കിലും തനത് ഫണ്ടിൽ തുക കുറവ് വന്നതിനാൽ പെയ്മെന്റ് നൽകാനായില്ല.

1) പഞ്ചായത്താഫീസ് റോഡ് കോൺക്രീറ്റ് –78,953 രൂപ
2) കട്ടുപാറ കനാൽ ബണ്ട് റോഡ് കരിങ്കല്ല് പതിക്കൽ–48,403 രൂപ
3) യു.പി തിരുത്ത് കോളനി റോഡ് ടാറിംഗ് –90,000 രൂപ

ഈ പ്രോജക്ടുകൾ തുടർന്നുള്ള വർഷങ്ങളിൽ സ്പിൽഓവറായി കാണിക്കാതിരുന്നതിനാൽ തുക നൽകാൻ കഴിഞ്ഞില്ല. പ്രസ്തുത പ്രോജക്ടുകൾ 2008–09 വാർഷികപദ്ധതിയിൽ സ്പിൽഓവറായി ഉൾപ്പെടുത്തി ബിൽ തുക നൽകുന്നതിന് അനുമതി നൽകണമെന്നതാണ് ഗ്രാമപഞ്ചായത്തിന്റെ ആവശ്യം.

## 2.22 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ മാതൃ–ശിശു വാർഡ് നിർമ്മാണത്തിന് പ്രോജക്ട് തയ്യാറാക്കുകയും (171.60 ലക്ഷം രൂപ) പ്രസ്തുത പ്രോജക്ട് ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് (കെട്ടിട വിഭാഗം) ആവശ്യപ്പെടുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പ് നൽകിയ കരട് കരാറിൽ എസ്റ്റിമേറ്റ് നിരക്കിന് ഉപരിയായി ടെണ്ടർ എക്സസ് നൽകേണ്ടിവന്നാൽ അതും കമ്പിയുടെയും സിമെന്റിന്റെയും അധികവിലയും ജില്ലാ പഞ്ചായത്ത് നൽകണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ടെണ്ടർ എക്സസ് അനുവദനീയമല്ലെങ്കിലും പൊതുമരാമത്ത് വകുപ്പിൽ അനുവദനീയമാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുമ്പോൾ ടെണ്ടർ എക്സസ് ഉണ്ടായാൽ അത് നൽകുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം.

## 2.23 കരിമണ്ണൂർ ഗ്രാമ പഞ്ചായത്ത്

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'സർഗ്ഗാത്മക സൃഷ്ടികളുടെ പ്രസിദ്ധീകരണം' എന്ന പ്രോജക്ടിന് (40,000 രൂപ) ജില്ലാ ആസൂത്രണസമിതിയുടെ അനുമതി ലഭിച്ചിട്ടില്ല. കുട്ടികളുടെ സർഗ്ഗാത്മകസൃഷ്ടികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്നതിനും, മികച്ച സൃഷ്ടികൾക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുന്നതിനും മികച്ച സൃഷ്ടികൾ മറ്റുള്ള സ്കൂൾ കുട്ടികൾക്ക് കാണാനും വായിക്കാനും അവസരം ഒരുക്കുന്നതിനും കുട്ടികൾ വായിച്ചിട്ടുള്ള വിവിധ സാഹിത്യരൂപങ്ങളെ മറ്റിതര സാഹിത്യരൂപങ്ങളാക്കി പുന:സൃഷ്ടിക്കുന്നതിനും ഈ പ്രസിദ്ധീകരണത്തെ സ്കൂൾ ലൈബ്രറിയിൽ ഉൾപ്പെടുത്തുന്നതിനുമാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്.

## 2.24 തിരുവനന്തപുരം കോർപ്പറേഷൻ

1) 2001–02 മുതൽ ഭവനനിർമ്മാണ ഗ്രാന്റ് ലഭിച്ചിട്ടുള്ള ഏതാനും പട്ടികജാതി ഗുണഭോക്താക്കൾ വീട് പണി പൂർത്തിയാക്കിയിട്ടില്ല. വീട് പണി പൂർത്തിയാക്കാത്തവർക്ക് പഴയനിരക്കിൽ ധനസഹായം നൽകിയാൽ സാധന സാമഗ്രികളുടെ വിലവർദ്ധനവ് കാരണം നിർമ്മാണം പൂർത്തിയാക്കാൻ കഴിയില്ല. ഇവർക്ക് 75,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് അനുമതി.
   പട്ടികജാതി വികസന വകുപ്പ് ഇപ്രകാരം വർദ്ധിപ്പിച്ച നിരക്കിൽ സബ്സിഡി അനുവദിക്കുന്നുണ്ട് (സ.ഉ. (സാധ)405/07/പജപവവിവ, തീയതി 28.03.2007).
2) നിലവിൽ ഭവനനിർമ്മാണ ഗ്രാന്റ് 15%, 30%, 40%, 15% എന്നിങ്ങനെ നാല് ഗഡുക്കളായാണ് നൽകുന്നത്. ആദ്യ മൂന്ന് ഗഡു തുക വിനിയോഗിച്ച് മേൽക്കൂര വരെ പണിയുന്നതിന് അധിക തുക ചെലവാക്കേണ്ടി വരുന്നതിനാൽ പലരും അവസാന ഗഡു കൈപ്പറ്റുന്നില്ല. അതിനാൽ നാലാം ഗഡു തുകയും മുൻകൂർ

നൽകി ഒരു മാസത്തിനകം വീട് പണി പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നത് നന്നായിരിക്കും.

പട്ടികജാതി വികസന വകുപ്പ് ഇപ്രകാരം നാലാംഗഡു തുക മുൻകൂർ നൽകുന്നുണ്ട് [സ.ഉ. (സാധ)388/07/പജപവവിവ, തീയതി 27.03.2007]

ഇ.എം.എസ്. ഭവന പദ്ധതിയുടെ സബ്സിഡി തുക നൽകുന്നത് നിശ്ചയിച്ചിട്ടുള്ള ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഗഡുക്കൾ | സബ്സിഡി തുക (ശതമാനത്തിൽ) | പൂർത്തിയാക്കേണ്ട ഘട്ടം |
|---|---|---|
| 1 | 30 | സ്ഥലമൊരുക്കൽ, അടിത്തറ (foundation) നിർമ്മിക്കുന്നതിന് കുഴിയെടുക്കൽ |
| 2 | 40 | അടിത്തറയുടെ പൂർത്തീകരണം |
| 3 | 20 | മേൽക്കൂരയുടെ പൂർത്തീകരണം |
| 4 | 10 | വാതിലുകൾ, ജനലുകൾ മുതലായവ ഉറപ്പിക്കൽ |

### 2.25 തൃശൂർ കോർപ്പറേഷൻ

ആശ്രയ അഗതി കുടുംബങ്ങളുടെ ഭവനനിർമ്മാണ സബ്സിഡി തുക 11.07.2008 മുതൽ ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 53 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനായി മുൻനിരക്കിൽ നിർവഹണ ഏജൻസിക്ക് 20 ശതമാനം അഡ്വാൻസ് നൽകിയിരുന്നു. വീട് നിർമ്മിക്കുന്നതിനുള്ള സ്ഥലം വെള്ളം മൂടി കിടന്നതിനാലും നിർമ്മാണ സാമഗ്രികൾ എത്തിക്കാൻ കഴിയാത്തതിനാലും നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ആദ്യഘട്ടത്തിലെ ഗുണഭോക്താക്കൾക്കുകൂടി വർദ്ധിപ്പിച്ച നിരക്ക് ബാധകമാക്കണമെന്നതാണ് ആവശ്യം.

### 2.26 ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത്

2008–09 വാർഷിക പദ്ധതി ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച 'സമഗ്ര കാർഷിക വികസനം' എന്ന പ്രോജക്ട് പ്രകാരം മണ്ണ് സംരക്ഷണ പ്രവർത്തികൾ ഗുണഭോക്താക്കൾ നേരിട്ട് ചെയ്യുന്നതിന് എഗ്രിമെന്റ് വച്ച് പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കണമെന്നും സബ്സിഡി അനുവദിക്കാൻ പാടില്ലെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് വരുന്നതിനുമുൻപ് എഗ്രിമെന്റ് വെച്ച് പണി പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം.

### 2.27 മഞ്ചേരി മുനിസിപ്പാലിറ്റി

പട്ടികജാതി കുടുംബങ്ങൾക്ക് താമസ സൗകര്യം ഒരുക്കുവാൻ ഫ്ളാറ്റ് മാതൃകയിൽ കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് 14,37,700 രൂപയുടെ പ്രോജക്ട് തയ്യാറാക്കിയതിനെ തുടർന്ന് കെട്ടിട നിർമ്മാണത്തിനായി 30,26,200 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിന് ഡി.പി.സി.യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. ടെണ്ടറുകൾ ലഭിക്കാത്തതിനാൽ പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞില്ല.

പ്രസ്തുത പ്രോജക്ട് 2008-09 വാർഷിക പദ്ധതിയിൽ സ്പിൽഓവറായി സമർപ്പിച്ചുവെങ്കിലും സർക്കാർ അനുമതി ആവശ്യമാണെന്ന് ഡി.പി.സി അഭിപ്രായ പ്പെട്ടിട്ടുണ്ട്. ഒരാൾക്കുള്ള വ്യക്തിഗത ആനുകൂല്യം 2,66,965 രൂപയായതിനാലാണ് (യൂണിറ്റ് കോസ്റ്റ്) ഡി.പി.സി ഇപ്രകാരം അഭിപ്രായപ്പെട്ടത്.

വ്യക്തിഗത ആനുകൂല്യം 75,000 രൂപ എന്നതിൽ ഇളവ് അനുവദിച്ച് പ്രോജക്ട് നടപ്പാക്കുവാൻ അനുമതി നൽകണമെന്നതാണ് മുനിസിപ്പാലിറ്റിയുടെ ആവശ്യം.

### 2.28 മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്

2007-08 സാമ്പത്തിക വർഷത്തെ ചെലവ് കണക്കുകൾ റിപ്പോർട്ട് ചെയ്തപ്പോൾ ചുവടെ ചേർത്തിട്ടുള്ള അഞ്ച് പ്രോജക്ടുകളുടെ കണക്കുകളിൽ പിശക് സംഭവിച്ചിട്ടുണ്ട്. അവ തിരുത്തുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം.

| നമ്പ ർ | പ്രോജക് ട് നമ്പർ | പ്രോജക്ടിന്റെ പേര് | വിഭാഗം | ഏത് ഫണ്ട് | വകയിരുത്തി അംഗീകാരം ലഭിച്ച തുക | ചെലവഴി ച്ച തുക | നൽകിയ കണക്കി ലെ തുക | പുതുക്കി ചേർക്കേ ണ്ട തുക |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| 1 | SO/86/08 | പഞ്ചായത്താഫീസ് കമ്പ്യൂട്ടർവത്കരണം | ജനറൽ | പ്ലാൻഫണ്ട് | 3,75,000 | 3,75,000 | 2,85,540 | 89,460 |
| 2 | SO/142/08 | വെള്ളക്കരം കുടിശ്ശിക അടയ്ക്കൽ | ജനറൽ | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്സ് | 44,158 | 44,158 | 0 | 44,158 |
| 3 | SO/126/08 | GHS റോഡ് കോൺക്രീറ്റിംഗ് | ജനറൽ | മെയിന്റനൻസ് ഗ്രാന്റ് റോഡുവിഭാഗം | 76,159 | 76,159 | 73,000 | 3,159 |
| 4 | SO/133/08 | സുഭാഷ് വൺവേ റോഡ് റീ-ടാറിംഗ് | ജനറൽ | മെയിന്റനൻസ് ഗ്രാന്റ് റോഡുവിഭാഗം | 49,319 | 27,931 | 27,319 | 612 |
| 5 | SO/94/08 | പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണം | പട്ടികജാതി | പ്ലാൻഫണ്ട് | 3,57,062 | 2,60,000 | 0 | 2,60,000 |

### 2.29 കുളനട ബ്ലോക്ക് പഞ്ചായത്ത്

2008-09 ലെ പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തണമെന്ന് ഡി.എൽ.ടി.എ.ജി. നിർദ്ദേശിച്ചിട്ടുണ്ട്.

1) ആറന്മുള കുറിച്ചിമുട്ടം പൊട്ടൻമല കോളനി പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ– 2.00 ലക്ഷം രൂപ
2) കാവിൻപുറം എസ്.സി.കോളനി പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ – 2.00 ലക്ഷം രൂപ
3) ഉള്ളന്നൂർ 85–ാം നമ്പർ എസ്.സി.അംഗൻവാടിക്ക് കുഴൽ കിണർ – 50,000 രൂപ

ആദ്യ രണ്ട് പ്രോജക്ടുകളും ജല അതോറിട്ടിയുടെ നിലവിലുള്ള കുടിവെള്ള സ്കീമുകളിൽ നിന്നും പൈപ്പ്ലൈൻ ദീർഘിപ്പിക്കലാണ്. ഡെപ്പോസിറ്റ് വർക്ക് ആയിട്ടാണ് അവ നടപ്പാക്കുന്നത്.

മൂന്നാമത്തെ പ്രവൃത്തി അംഗൻവാടിക്ക് കുഴൽകിണർ കുഴിക്കാനുള്ളതാണ്. ഭൂജല വകുപ്പ് മുഖേനയാണ് പ്രവൃത്തി നടപ്പാക്കുന്നത്. മൂന്ന് പ്രോജക്ടുകളും ഗുണഭോക്തൃവിഹിതം കൂടാതെ നടപ്പാക്കുന്നതിന് അനുമതി.

### 2.30 പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും അങ്ങേയറ്റം ക്ലേശകരമായ ജീവിതം നയിക്കുന്നവരുമായ 65 വയസ് കഴിഞ്ഞ വൃദ്ധ ജനങ്ങൾക്ക് അഞ്ച് വർഷമായി പാൽ, പഴം, മുട്ട എന്നിവ നൽകി വരുന്നുണ്ട്. പ്രസ്തുത പരിപാടികൾ നിർത്തിവയ്ക്കണമെന്ന സർക്കാരിന്റെ തീരുമാനം പുനഃപരിശോധിച്ച് പ്രോജക്ട് തുടർന്നും നടപ്പാക്കുന്നതിന് അനുമതി.

### 2.31 തൃക്കരുവ ഗ്രാമപഞ്ചായത്ത്

നിർത്തലാക്കിയ എസ്.ജി.ആർ.വൈ പ്രവൃത്തികൾ വികസന/തനതുഫണ്ടുകൾ വിനിയോഗിച്ച് പൂർത്തീകരിക്കുവാൻ സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2007–08ൽ പൂർത്തീകരിച്ചതും സാങ്കേതിക കാരണങ്ങളാൽ 2007–08–ൽ ധാന്യവിഹിതം നൽകാൻ കഴിയാത്തതുമായ പ്രവൃത്തികൾ ജനകീയാസൂത്രണ പദ്ധതിയിൽ സ്പിൽഓവറായി ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയുണ്ടായി. എന്നാൽ വികസന/തനതു ഫണ്ടുകൾ വിനിയോഗിച്ച് ഭക്ഷ്യധാന്യ വിതരണ പ്രോജക്ടുകൾ ഏറ്റെടുക്കരുതെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ എസ്.ജി.ആർ.വൈ പ്രകാരം ധാന്യവിഹിതം നൽകാൻ ബാക്കിയുള്ള പ്രോജക്ടുകൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നതാണ് ആവശ്യം.

### 2.32 പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്

40 അംഗൻവാടികളിൽ 29 എണ്ണവും പഴക്കം ചെന്ന കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. കാലാകാലങ്ങളിൽ റിപ്പയർ ചെയ്യുന്നുണ്ടെങ്കിലും മരങ്ങൾ ചിതലരിക്കുന്നതുകാരണം പുനഃനിർമ്മിക്കേണ്ട അവസ്ഥയിലാണ് മിക്കതും. ആയതിനാൽ റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിന് അനുമതി.

**2.33 കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്**

ആകെ മൂന്ന് പകൽ വീടുകൾ ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടെണ്ണം പ്രവർത്തനമാരംഭിച്ചു കഴിഞ്ഞുവെന്നും (ഒന്ന് പൊതു വിഭാഗത്തിനും മറ്റൊന്ന് പട്ടികജാതി– പട്ടികവർഗ വിഭാഗത്തിനും) രാവിലെ ചായ, ഉച്ചയ്ക്ക് ഭക്ഷണം എന്നിവ നൽകുന്നുവെന്നും വീടുകളിൽ വിശ്രമിക്കുന്നതിന് സൗകര്യമല്ലാത്തതിനാലാണ് തനത്ഫണ്ട് വിനിയോഗിച്ച് പകൽവീട് പ്രവർത്തിപ്പിച്ചു വരുന്നതെന്നും ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിരുന്നു. പ്രോജക്ട് തുടർന്നും നടപ്പാക്കുന്നതിന് അനുമതി നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം 29.12.2008–ൽ കൂടിയ CC യോഗം ചർച്ച ചെയ്ത് ഗ്രാമപഞ്ചായത്ത് നടത്തി വരുന്ന പകൽ വീടുകളുടെ പ്രവർത്തനം പരിശോധിച്ച് ഒരു മാതൃകാ പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കാൻ ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

***റിപ്പോർട്ട്:–*** കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ പകൽവീടുകൾ പ്രവർത്തിക്കുന്നില്ലെന്നാണ് അവിടെപ്പോയി അന്വേഷിച്ച ഐ.കെ.എമ്മിന്റെ ടെക്നിക്കൽ അസിസ്റ്റന്റ് റിപ്പോർട്ട് ചെയ്തത്. തുടർന്ന് പ്രസിഡന്റുമായി ടെലിഫോണിൽ ബന്ധപ്പെട്ടപ്പോൾ ഇപ്പോൾ പകൽ വീടുകൾ പ്രവർത്തിക്കുന്നില്ലെന്നും തനത് ഫണ്ട് വിനിയോഗിച്ച് പകൽ വീടുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിക്ക് അപേക്ഷിച്ചിട്ടേയുള്ളൂവെന്നും അറിയിക്കുകയുണ്ടായി.

**2.34 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

അവിചാരിതമായ കാരണങ്ങളാൽ ചില പ്രോജക്ടുകൾക്ക് വകയിരുത്തിയിരിക്കുന്ന തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു. ആയതിനാൽ 2008–09 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി.

വാർഷിക പദ്ധതി ഭേദഗതി സബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതും അല്ലാത്തതുമായ ഭേദഗതികൾ ജില്ലാ പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ഒഴിവാക്കുന്ന പ്രോജക്ടുകൾ | – | 7 |
| ഭേദഗതി ചെയ്യുന്ന പ്രോജക്ടുകൾ | – | 65 |
| പുതുതായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ | – | 11 |

**2.35 തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതി ഒന്നാം ഘട്ടത്തിൽ അംഗീകാരം ലഭിച്ച 'മണ്ണ് സംരക്ഷണം' എന്ന പ്രോജക്ടിന്റെ ഗുണഭോക്താക്കളെ കണ്ടെത്തി നിർവഹണം ആരംഭിച്ചതിനുശേഷമാണ് സബ്സിഡി അനുവദിക്കാൻ പാടില്ലെന്ന നിർദ്ദേശം ഉണ്ടായത്. എന്നാൽ തൊഴിലുറപ്പു പദ്ധതി പ്രകാരം ഈ വർഷം സ്വകാര്യ

വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടെന്ന നിർദ്ദേശവും ഉണ്ട്. പദ്ധതി വിഹിതം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് മേൽ പ്രവൃത്തി ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കുന്നതിന് അനുമതി.

### 2.36 പാലക്കാട് ജില്ലാ പഞ്ചായത്ത്

2007–08 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾക്ക് ഭാഗികമായി ഇതിനകം തുക ചെലവഴിച്ചിട്ടുണ്ട്.

(1) പട്ടികജാതി കോളനികളിൽ പോഷകാഹാര വിതരണം (219/07–08 – 31,52,226 ലക്ഷം രൂപ)
(2) നായാടി കോളനികളിൽ പോഷകാഹാര വിതരണം ( 220/07–08 – 20.00 ലക്ഷം രൂപ)
(3) പട്ടികവർഗ്ഗ കോളനികളിൽ പോഷകാഹാര വിതരണം (283/07–08 – 5.49 ലക്ഷം രൂപ)

മേൽ പ്രോജക്ടുകൾ സ്പിൽഓവറായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചതിനെ തുടർന്ന് മെഡിക്കൽ ക്യാമ്പ് നടത്തി 2874 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഡോക്ടർമാരുടെ നിർദ്ദേശാനുസരണം അരി, ഗോതമ്പ്, റാഗി, കടല, ഗ്രീൻ പീസ്, പഞ്ചസാര, എണ്ണ എന്നിവ മൂന്ന് മാസത്തേക്ക് സപ്ലൈകോ മുഖേന നൽകുന്നതിന് തുടർ നടപടികൾ സ്വീകരിച്ച സാഹചര്യത്തിൽ പ്രോജക്ടുകൾ തുടർന്ന് നടപ്പാക്കുന്നതിന് അനുമതി.

### 2.37 ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

(1) ജനകീയ പാർപ്പിട പദ്ധതിക്കുവേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ടുകളിൽ മുതലും പലിശയുമായി 3,73,273 രൂപ ബാക്കിയുണ്ട്. പ്രസ്തുത തുക ഇ.എം.എസ് ഭവന പദ്ധതിക്കായി വിനിയോഗിക്കുന്നതിന് അനുമതി.
(2) ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിനും ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിനും കൂടി ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്. എ.ഇ.യുടെ ഓഫീസ് വടക്ക് ഗ്രാമപഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്. ഓഫീസ് സൗകര്യം കൊടുത്തിട്ടുണ്ടെങ്കിലും എ.ഇ. അത്യപൂർവമായി മാത്രമേ ഈ പഞ്ചായത്തിലെത്തുന്നുള്ളൂ. ഓവർസീയറുടെയും പൂർണ്ണസമയ സേവനം ലഭിക്കുന്നില്ല. എ.ഇ.യുടെ സേവനം ആഴ്ചയിൽ മൂന്ന് ദിവസമെങ്കിലും ലഭിക്കുന്നതിനും ഓവർസീയർ തന്റെ ഹാജർ ഈ പഞ്ചായത്തിലെ ഓഫീസിൽ തന്നെ രേഖപ്പെടുത്തുന്നതിനും നിർദ്ദേശം നൽകണം.
(3) വി.ഇ.ഒ.മാരുടെ ഹാജർ ഈ ഓഫീസിൽ തന്നെ രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

**2.38 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പ് അഭിപ്രായ വ്യത്യാസമുള്ള പ്രോജക്ടുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾക്ക് അനുമതി.

(1) 71/09- മത്സ്യതൊഴിലാളി ഗ്രൂപ്പുകളുടെ വള്ളങ്ങൾക്ക് ഗ്യാസ് വാങ്ങുന്നതിന് ധനസഹായം (വികസനഫണ്ട് 6.00 ലക്ഷം രൂപ, അടങ്കൽ 20.00 ലക്ഷം രൂപ)

**ടി.എ.ജി.ശുപാർശ:** വളളങ്ങൾക്ക് എൽ.പി.ജി.കൊടുക്കുന്നതിനോ ഇന്ധനത്തിന് സബ്സിഡി നൽകുന്നതിനോ വ്യവസ്ഥയില്ല.

**വിശദീകരണം:** വർദ്ധിച്ചുവരുന്ന ഇന്ധനചെലവ് മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയുന്നില്ല. മത്സ്യഫെഡ് ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ഉണ്ടാക്കിയിട്ടുള്ള ധാരണപ്രകാരം 9500 രൂപ വിലയുള്ള ഗ്യാസ് കിറ്റുകൾ 4000 രൂപ സബ്സിഡി നൽകി വിതരണം ചെയ്യുന്നുണ്ട്. ഈ പദ്ധതിക്ക് അനുബന്ധമായാണ് ജില്ലാ പഞ്ചായത്ത് പ്രോജക്ട് നടപ്പാക്കുന്നത്. ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി സംഘങ്ങൾവഴി മത്സ്യബന്ധനം നടത്തുന്ന ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 50 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളുടെ ഗ്യാസ് കിറ്റ് ഘടിപ്പിച്ചിട്ടുള്ള ഔട്ട്ബോർഡ് എഞ്ചിനുകൾക്ക് നടപ്പുവർഷം ഒരു എഞ്ചിന് പരമാവധി 40 തവണ ഗ്യാസ് സിലിണ്ടർ വാങ്ങുന്നതിന് ഓരോ തവണയും 300 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിനാണ് പ്രോജക്ട് വിഭാവന ചെയ്യുന്നത്.

(2) 85/09-ഖരമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം (വികസന ഫണ്ട് 10.00 ലക്ഷം രൂപ)

**ടി.എ.ജി.ശുപാർശ:** 11.02.2008-ലെ സ.ഉ.39/08/തസ്വഭവ നമ്പർ ഉത്തരവിലെ നിബന്ധനകൾ പാലിച്ച് പുതുക്കി സമർപ്പിക്കുക..

**വിശദീകരണം:** ഖരദ്രവ മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്യുന്നത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണെങ്കിലും പ്രശ്നത്തിന്റെ ഗൗരവാവസ്ഥ പരിഗണിച്ച് മാലിന്യപ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്ലാന്റുകൾ സ്ഥാപിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകുന്നതിനായി പ്രോജക്ട് തയ്യാറാക്കിയത്. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ചേർന്ന് സംയുക്തമായും പ്ലാന്റുകൾ നിർദ്ദേശിക്കാം. ചെലവിന്റെ 40 ശതമാനമാണ് (പരമാവധി 5.00 ലക്ഷം രൂപ) ധനസഹായം നൽകുന്നത്. മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കേണ്ട ബാധ്യത ഗ്രാമപഞ്ചായത്തുകൾക്കാണ്. വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകളിലാണ് രേഖപ്പെടുത്തേണ്ടത്. ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടിൽ രേഖപ്പെടുത്തേണ്ടതില്ല.

(3) 88/09-മത്സ്യഫെഡിന്റെ ഗ്ലൂക്കോസമൈൻ ഉല്പാദനപദ്ധതിക്ക് കെട്ടിടനിർമ്മാണ ധനസഹായം (വികസനഫണ്ട് 15.00 ലക്ഷം രൂപ)

**ടി.എ.ജി ശുപാർശ.:** സർക്കാർ അനുമതി ആവശ്യമാണ്.

**വിശദീകരണം:**പാഴായിപ്പോകുന്നചെമ്മീൻതോടിൽനിന്നും ഔഷധനിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്ന ഗ്ലൂക്കോസമൈൻ എന്ന ഉത്പന്നം നിർമ്മിക്കുന്നതിന് രാഷ്ട്രീയകൃഷി വികാസ് യോജന പ്രകാരമുള്ള ധനസഹായത്തോടെ മത്സ്യഫെഡ് സ്ഥാപിക്കുന്ന വ്യവസായശാലയ്ക്ക് കെട്ടിടം നിർമ്മിക്കുവാൻ ധനസഹായം നൽകുന്നതിനാണ് പ്രോജക്ട്.

(4)90/09– ഈറ്റ, ചൂരൽ ഉല്പന്നനിർമ്മാണ പരിശീലനം (എസ്.സി.പി. 1.50 ലക്ഷം രൂപ)

**ടി.എ.ജി ശുപാർശ.:** പരിശീലനത്തിന് മാത്രമായി പ്രോജക്ട് ഏറ്റെടുക്കാൻ പാടില്ല. തൊഴിൽ ഉറപ്പ് വരുത്തുന്ന രീതിയിൽ പ്രോജക്ട് ഭേദഗതി ചെയ്യണം.

**വിശദീകരണം:** കുട, മുറം തുടങ്ങിയ ഉല്പന്നങ്ങൾ മാത്രം ഉണ്ടാക്കുന്ന പട്ടികജാതിക്കാരായ പരമ്പരാഗത തൊഴിലാളികൾക്ക് കൂടുതൽ വൈവിദ്ധ്യമുള്ളതും വിപണനസാധ്യതയുള്ളതുമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരിശീലനം നൽകുന്നതിനും ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിനുമായി സ്ഥാപിക്കാനുദ്ദേശിക്കുന്ന ഉല്പന്ന നിർമ്മാണ, പരിശീലന, സംഭരണ വിപണന കേന്ദ്രത്തിന് 2006–07 വാർഷികപദ്ധതിയിൽ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്രത്തിൽ പരിശീലനം നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഈ പ്രോജക്ട് നടപ്പാക്കിയില്ലെങ്കിൽ 2006–07–ൽ കെട്ടിടനിർമ്മാണത്തിന് ചെലവഴിച്ച തുക പാഴാകും.

(5)98/09–പട്ടികവർഗ കോളനി മണ്ണ് സംരക്ഷണം (2.84 ലക്ഷം രൂപ)

**ടി.എ.ജി ശുപാർശ.:** സർക്കാർ അനുമതിയോടുകൂടി നടപ്പാക്കാവുന്നതാണ്.

**വിശദീകരണം:** അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ 9 പട്ടികവർഗ്ഗ കുടുംബങ്ങൾ കൂട്ടമായി താമസിക്കുന്ന തോപ്പിൽ കോളനി, സമീപ പ്രദേശത്ത് നിന്നും താഴ്ന്ന് കിടക്കുന്ന ചതുപ്പ് പ്രദേശമായതിനാൽ മണ്ണിട്ടുയർത്തി വാസയോഗ്യമാക്കുന്നതിനുള്ളതാണ് പ്രോജക്ട്. സമീപപ്രദേശങ്ങൾ താരതമ്യേന ഉയർന്നതായതിനാൽ മലിനജലം ഒഴുകി കോളനി പ്രദേശത്ത് കെട്ടിക്കിടക്കുന്നു. കോളനി നിവാസികൾ ആരോഗ്യകരമായ ചുറ്റുപാടിൽ ജീവിക്കാനാവശ്യമായ സാഹചര്യമൊരുക്കുന്നതിനാണ് പ്രോജക്ട് നിർദ്ദേശിച്ചിട്ടുള്ളത്.

**2.39 ശ്രീമതി മഞ്ജു, താഴത്തുവിളാകം വീട്, വിളപ്പിൽ ഗ്രാമപഞ്ചായത്ത്**

വിളപ്പിൽ ഗ്രാമപഞ്ചായത്തിന്റെ ധനസഹായം വിനിയോഗിച്ച് വാങ്ങിയ മൂന്ന് സെന്റ് സ്ഥലം വെള്ളക്കെട്ടുള്ളതും വാസയോഗ്യമല്ലാത്തതുമായതിനാൽ പ്രസ്തുത സ്ഥലം വിറ്റ് തുക പഞ്ചായത്തിൽ അടയ്ക്കുന്നതിനും പകരം പുതുതായി സ്ഥലം അനുവദിക്കണമെന്നുമുള്ള ആവശ്യം.

***പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട്:*** 2003–04 വാർഷികപദ്ധതിയിലെ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (എസ്.സി.പി.) എന്ന പ്രോജക്ടിന്റെ ഭാഗമായാണ് 15,000 രൂപ ഗുണഭോക്താവിന് അനുവദിച്ചത്. വാങ്ങിയ വസ്തു വാസയോഗ്യമല്ലാത്തതിനാൽ വസ്തു വിറ്റ് തുക പഞ്ചായത്തിൽ അടയ്ക്കുന്നതിന് അനുമതി

നൽകണമെന്ന ഗുണഭോക്താവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ വസ്തു കണ്ടെത്തി പഞ്ചായത്തിന്റെ അംഗീകാരത്തോടെ പുതിയ സ്ഥലം വാങ്ങുകയാണെങ്കിൽ അന്നേദിവസം തന്നെ വസ്തു വില്ക്കാനുള്ള അനുമതി നല്കുന്നതാണെന്ന് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

ഒരു സാമ്പത്തികവർഷം വിനിയോഗിച്ച തുക തിരികെ ലഭിച്ചാൽ പഞ്ചായത്ത് അക്കൗണ്ടിൽ അടയ്ക്കുന്നതിന് നിലവിൽ കഴിയുകയില്ല. മാത്രമല്ല ഭൂമിയുടെ മൂല്യം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വർഷങ്ങൾക്കു ശേഷം ഭൂമി വിറ്റ് പഞ്ചായത്തിൽ അടയ്ക്കുവാൻ അനുമതി നല്കുന്നത് പ്രോത്സാഹജനകമല്ല. എന്നിരുന്നാലും വാങ്ങിയ ഭൂമി കെട്ടിട നിർമ്മാണത്തിന് അനുയോജ്യമല്ലാത്തതിനാലും പുതുതായി ധനസഹായം അനുവദിക്കാൻ കഴിയാത്തതിനാലും ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച് പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളതുപോലെ വസ്തു കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണ്.

### 2.40 കാരശ്ശേരി ഗ്രാമപഞ്ചായത്ത്

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ' സമഗ്ര മുട്ടക്കോഴി വളർത്തൽ' എന്ന പ്രോജക്ടിന് (2.50 ലക്ഷം രൂപ്) ഡി.പി.സി, അനുമതി ലഭിച്ചിട്ടില്ല.

കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 452 പേർക്ക് 50 രൂപ വില വരുന്ന 10 കുഞ്ഞുങ്ങളെ ഗവൺമെന്റ് ഫാമിൽ നിന്നും വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് വിഭാവന ചെയ്യുന്നത്. കൂടു നിർമ്മിക്കുക, കോഴികുഞ്ഞുങ്ങളുടെ പരിപാലനം., എന്നിവ ഉറപ്പുവരുത്തുന്നതിന് 6 കുടുംബശ്രീ വനിതകൾക്ക് 4 മാസത്തേക്ക് 1000 രൂപ ഹോണറേറിയം നൽകുന്നതാണ് (ആകെ 24,000 രൂപ). ഹോണറേറിയം വകയിരുത്തിയതിനാലാണ് ഡി.പി.സി. അനുമതി നിരസിച്ചത്.

### 2.41 കണ്ണൂർ നഗരസഭ

ആധുനിക രീതിയിലുള്ള അറവുശാല നിർമ്മിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മണ്ണുത്തി ഗവൺമെന്റ് വെറ്ററിനറി കോളേജിലെ മീറ്റ് ടെക്നോളജി വകുപ്പ് മേധാവിയുടെ മേൽ നോട്ടത്തിൽ കേരള ഇലക്ട്രിക്കൽ ആന്റ് എഞ്ചിനീയറിംഗ് കമ്പനി (KEL) വിശദമായ റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട് (78.49 ലക്ഷം രൂപ). പ്രസ്തുത പ്രവൃത്തി ഡെപ്പോസിറ്റ് വർക്ക് ആയി KEL എന്ന സ്ഥാപനം മുഖേന നടപ്പാക്കുന്നതിന് അനുമതി.

## 2.42 അടൂർ മുനിസിപ്പാലിറ്റി

"തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് ബൾബ്, ട്യൂബ് എന്നിവയും അനുബന്ധ സാമഗ്രികളും വാങ്ങൽ" (വികസനഫണ്ട്– 1,86,298 രൂപ), "തെരുവുവിളക്കുകളുടെ മെയിന്റനൻസ്" (മെയിന്റനൻസ് ഫണ്ട് – 4.00 ലക്ഷം രൂപ) എന്നീ പ്രോജക്ടുകൾക്ക് അനുമതി.

നഗരസഭയ്ക്ക് ലഭിക്കുന്ന തനത് വരുമാനം ദൈനംദിന ചെലവുകൾക്കും ശംബളം, ഹോണറേറിയം എന്നിവ നൽകുന്നതിനുപോലും തികയുന്നില്ല. ഈ സാഹചര്യത്തിലാണ് മേൽ പ്രോജക്ടുകൾക്ക് വികസന/മെന്റനൻസ് ഫണ്ടുകൾ വകയിരുത്തിയത്.

## 2.43 കണ്ണൂർ ജില്ലാ പഞ്ചായത്ത്

'ഖാദിബോർഡിന് കീഴിലെ സ്ഥാപനങ്ങളിൽ തൊഴിലുപകരണങ്ങൾ വിതരണം', 'ഖാദി മേഖലയിലെ തൊഴിലുപകരണങ്ങളുടെ നവീകരണം' എന്നീ പ്രോജക്ടുകൾക്ക് അനുമതി.

കണ്ണൂർ ജില്ലയിൽ ഖാദി ബോർഡ് നേരിട്ട് നടത്തുന്ന പയ്യന്നൂർ ഖാദി കേന്ദ്രത്തിന് കീഴിൽ വരുന്ന തന്നട, പിണറായി എന്നീ ഖാദി നൂൽ നൂൽപ്പ് കേന്ദ്രത്തിലെ 10 വർഷത്തിലധികം പഴക്കമുള്ള 27 ചർക്കകൾ മാറ്റി പുതിയ 8 സ്പിൻഡൽ എൻ.എം.ഡി ചർക്കകൾ, ടേബിൾ, സ്റ്റൂൾ എന്നിവയും കണ്ണൂർ സർവ്വോദയ സംഘത്തിനുവേണ്ടി കണ്ണൂർ ജില്ലാ പഞ്ചായത്ത് കാനാട് നിർമ്മിച്ച ഖാദി യൂണിറ്റിലേയ്ക്ക് തറികളും ചർക്ക എന്നിവയും, ഖാദി കമ്മീഷൻ അംഗീകരിച്ച ചർക്ക നിർമ്മാണ യൂണിറ്റുകളിൽ നിന്നും നേരിട്ടുവാങ്ങി സ്ഥാപിക്കുന്നതിനാണ് പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ജില്ലാ പ്ലാനിംഗ് കമ്മിറ്റി പ്രോജക്ട് പരിശോധിച്ചതിൽ സാധനങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിന് 100% സബ്സിഡി ഖാദി ബോർഡ് നേരിട്ട് നടത്തുന്ന സ്ഥാപനത്തിന് അനുവദിക്കണമെങ്കിൽ സർക്കാർ അനുമതി വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്..

ഖാദി ബോർഡ് നേരിട്ട് നടത്തുന്ന യൂണിറ്റുകളിൽ ജോലി ചെയ്യുന്നവരുടെ സ്ഥിതി തികച്ചും പരിതാപകരമാണ്. നിലവിൽ തൊഴിലാളികൾ നിലത്തിരുന്ന് കൈകൊണ്ട് ചർക്ക തിരിക്കുകയാണ്. പ്രോജക്ടിൽ വിഭാവന ചെയ്തത് പ്രകാരം ചർക്കകൾ സ്ഥാപിക്കുകയാണെങ്കിൽ ഉത്പ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. ഈ സാഹചര്യത്തിൽ തെന്നട, പിണറായി എന്നീ ഖാദി നൂൽ നൂൽപ്പ് കേന്ദ്രത്തിലെ പഴയ ചർക്കകൾ മാറ്റി സ്ഥാപിക്കുന്ന പ്രോജക്ടുകൾക്ക് അനുമതി നൽകണമെന്ന് ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

## 2.44 തിരുനാവായ ഗ്രാമപഞ്ചായത്ത്

പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്ക് ഉപകരണങ്ങൾ (36,000 രൂപ – തനത് ഫണ്ട്), എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് സോളാർ റീ ചാർജ്ജബിൾ ലാന്റേൺ (SCP – 1,17,000 രൂപ) എന്നീ പ്രോജക്ടുകൾക്ക് അനുമതി നൽകണമെന്നതാണ് ആവശ്യം.

## 2.45 തിരൂർ മുനിസിപ്പാലിറ്റി

ഭവന നിർമ്മാണ പ്രോജക്ടിന് 2007–08 വർഷം തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും ധനസഹായം നൽകുന്നതിന് അനുമതി.

## 2.46 കണ്ണൂർ ജില്ലാ പഞ്ചായത്ത്

സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന പ്രോജക്ടുകൾ പ്രകാരം കണ്ണൂർ ജില്ലയിൽ ഉപകരണങ്ങൾ സ്ഥാപിക്കുവാൻ 4 സ്ഥാപനങ്ങൾ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ജില്ലാ ആശുപത്രി, കെ.എ.പി.4 എന്നിവ സർക്കാർ സ്ഥാപനങ്ങളാണ്. പറശ്ശിനി മഠപ്പുര ശ്രീ.മുത്തപ്പൻ ക്ഷേത്രം, വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ സർക്കാർ സ്ഥാപനങ്ങളല്ല. പ്രസ്തുത സ്ഥാപനങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി.

## 2.47 തൃശൂർ ജില്ലാ പഞ്ചായത്ത്

ജില്ലയിലെ ലീഡ് സ്കൂളായ ജി.വി.എച്ച്.എസ്, ചേർപ്പിന് ബസ് വാങ്ങി നൽകുന്നതിനായി 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടിന് (10.00 ലക്ഷം രൂപ) അനുമതി. ബസ് വാങ്ങുന്നതിന് വേണ്ടി വരുന്ന ബാക്കി തുകയും ഡ്രൈവറുടെ ശംബളം ഉൾപ്പെടെ മറ്റ് ആവർത്തന ചെലവുകളും പി.ടി.എ വഹിക്കുന്നതാണ്.

## 2.48 ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾക്ക് യാത്രാപ്പടി, സിറ്റിംഗ് ഫീസ്, സർവെകൾ, പഠനങ്ങൾ

കോ–ഓർഡിനേഷൻ കമ്മിറ്റി ചുമതലപ്പെടുത്തിയത് പ്രകാരം സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ വിശദാംശങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

***എസ്.പി.എ.ഒ. യുടെ റിപ്പോർട്ട്:*** ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾക്ക് ആസൂത്രണ സമിതിയോഗങ്ങളിൽ പങ്കെടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്ക് അർഹമായ ഹാജർബത്തയും യാത്ര ബത്തയും അനുവദിക്കാവുന്നതാണ്. അതിനുവേണ്ട തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തണം. ആസൂത്രണ സമിതി ചെയർമാനും അംഗങ്ങൾക്കും ആ നിലയിൽ സംസ്ഥാനതല യോഗങ്ങളിൽ പങ്കെടുക്കുന്നതിന് നൽകേണ്ട യാത്രാബത്തയ്ക്കും ടി. തുകയിൽ നിന്ന് നൽകാവുന്നതാണ്.

ജില്ലാ ആസൂത്രണ സമിതിക്ക് പഠനങ്ങൾ, സർവ്വെകൾ തുടങ്ങിയവയ്ക്ക് ആവശ്യമായ തുകയും മേൽ പറഞ്ഞ രീതിയിൽ ബഡ്ജറ്റിൽ ഉൾക്കൊള്ളി ക്കാവുന്നതാണ്.

ജില്ലാ വികസന സമിതി/ജില്ലാ ആസൂത്രണസമിതി എന്നിവയ്ക്കായി നിലവിലുള്ള Budget Head ആയ 3451–00–101–98 ജില്ലാ വികസന സമിതിക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് ജില്ലാ ആസൂത്രണസമിതികൾക്ക് മാത്രമായി പുതിയ Budget Head ആരംഭിക്കുന്നത് സൗകര്യപ്രദമായിരിക്കും. 3451–00–101–54 ജില്ലാ പ്ലാനിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ' എന്ന ശീർഷകത്തിന് ശേഷം 3451–00–101–53 ജില്ലാ ആസൂത്രണസമിതികൾ എന്ന പുതിയ ശീർഷകം ആരംഭിക്കാവുന്നതാണ്. അതനുസരിച്ച് താഴെപ്പറയുന്ന ശീർഷകങ്ങളിൽ ആവശ്യമായ തുക ബഡ്ജറ്റിൽ വക കൊള്ളിക്കാവുന്നതാണ്.

3451–00–101–53 – ജില്ലാ ആസൂത്രണസമിതികൾ
3451–00–101–53 –01 ജില്ലാ ആസൂത്രണസമിതി അംഗങ്ങളുടെ ഹാജർ ബത്ത
3451–00–101–53 –02 ജില്ലാ ആസൂത്രണസമിതികൾ അംഗങ്ങളുടെ യാത്രാബത്ത
3451–00–101–53 –03 പഠനങ്ങൾ, സർവെ തുടങ്ങിയ

പുതിയ ശീർഷകത്തിന്റെ controlling Officer LSGD പ്രിൻസിപ്പൽ സെക്രട്ടറിയും ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറി DDOയും ആയി നിശ്ചയിക്കാവുന്നതാണ്. ഹാജർബത്ത, യാത്രബത്ത, സർവെകൾ തുടങ്ങിയവയ്ക്ക്, ആവശ്യമായ തുക DDOമാർ Controlling Officer –നെ അറിയിക്കേണ്ടതും അദ്ദേഹം അവ സമാഹരിച്ച് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുകയും ചെയ്യേണ്ടതാണ്.

**2.49 പട്ടികജാതി– പട്ടികവർഗ്ഗ വികസന വകുപ്പ്**

പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി നിർവഹണം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്.

(1) പ്രോജക്ടുകൾക്ക് സോഷ്യൽ മാപ്പ്, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിന് ഉദ്യോഗസ്ഥർ പലപ്പോഴും സമ്മർദ്ദങ്ങൾക്ക് വിധേയരാകേണ്ടി വരുന്നു. ഇത് ശരിയായ പ്രവണതയല്ല. കണ്ണൂർ ജില്ലാ ആസൂത്രണ സമിതി ഒരിക്കൽ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറെ കമ്മിറ്റി യോഗത്തിൽ വിളിച്ചു വരുത്തുകയുണ്ടായി. പ്രോജക്ടുകൾക്ക് ആവശ്യമായ രേഖകൾ നൽകുന്നതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ഉണ്ടാകുകയാണെങ്കിൽ ജില്ലാ ആസൂത്രണ സമിതികൾക്ക് വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടി സ്വീകരിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകണം.

(2) കുടിവെള്ള സ്കീമുകൾ പോലെയുള്ള പ്രോജക്ടുകളുടെ ആവർത്തന ചെലവുകളും ഗുണഭോക്തൃ വിഹിതവും പൂർണ്ണമായും പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

(3) സ്കൂളിൽ നിന്നും അഞ്ച് കിലോമീറ്ററിൽ കൂടുതൽ അകലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഹോസ്റ്റലുകൾ സ്ഥാപിച്ച കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് (കണ്ണൂർ ജില്ല). ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

**2.50 തൃശൂർ ജില്ലാ സഹകരണ ബാങ്ക്**

ഇ.എം.എസ് ഭവന പദ്ധതിയുടെ നടത്തിപ്പിന് പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ ചുവടെ പറയുന്ന ഭേദഗതികൾ വരുത്തണമെന്നതാണ് ആവശ്യം.

(1) "തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരമാവധി 10 വർഷക്കാലയളവിനുള്ളിൽ അതായത് 2018-19നകം തിരിച്ചടവ് പൂർണ്ണമാകുന്ന തരത്തിലാണ് വായ്പ എടുക്കാവുന്നത്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാമ്പത്തികസ്ഥിതി പരിശോധിച്ച് ഇത് ഏറ്റവും കുറഞ്ഞത് 3 വർഷമായി ചിട്ടപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ വായ്പയെടുക്കുന്ന സന്ദർഭങ്ങളിൽ വായ്പാതുകയുടെ തിരിച്ചടവ് 10 വർഷത്തിലധികമാവാൻ പാടില്ല. ഇതിലേക്കായി വികസനഫണ്ടിന്റെ മിനിമം 10% തുകയോളമെന്ന വ്യവസ്ഥയിൽ, പഞ്ചായത്തിന് കണ്ടെത്താൻ കഴിയുന്ന പരമാവധി തുകയായി നിശ്ചയിക്കാവുന്നതാണ് (അതായത് പരമാവധി 10% എന്ന നിഷ്ക്കർഷ ഒഴിവാക്കണം). ഓരോവർഷവും ലഭിക്കുന്ന വിഹിതത്തിന്റെ മിനിമം 10%വും പരമാവധി സാധ്യമായ തുകയും വായ്പാ തിരിച്ചടവിലേയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

(2) "സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുക്കുന്ന വേളയിൽ പരമാവധി പലിശ 10%മായി നിജപ്പെടുത്താവുന്നതാണ്. ഡോക്കുമെന്റേഷൻ ഇല്ലാതെ വായ്പ വിതരണം ചെയ്യുന്നവേളയിൽ ബാങ്കുകളുമായി negotiate ചെയ്ത പ്രകാരമുള്ള പലിശയാണെങ്കിൽ ടി തുക വായ്പയുടെ അവസാന ഗഡുവിൽ നിന്നും നിക്ഷേപിക്കുന്ന തരത്തിൽ ക്രമീകരിക്കാവുന്നതാണ്".

**2.51 മൂന്നിയൂർ ഗ്രാമപഞ്ചായത്ത്**

2007-08 വാർഷികപദ്ധതിപ്രകാരം പാടശേഖരസമിതികൾക്കായി വാങ്ങിയ ട്രാക്ടർ, ട്രെയിലർ എന്നിവ 8 മാസങ്ങൾക്ക് ശേഷവും കൃഷി ഓഫീസർ നിർവ്വഹണത്തിനായി ഏറ്റെടുത്തിട്ടില്ല. 31.03.2008, 20.05.2008, 13.08.2008 തീയതികളിലെ ഇത് സംബന്ധമായ ഗ്രാമപഞ്ചായത്ത് തീരുമാനങ്ങളോട് അനുകൂല സമീപനമല്ല കൃഷി ഓഫീസർ സ്വീകരിച്ചിട്ടുള്ളത്. കൃഷി ഓഫീസറുടെതന്നെ നിർദ്ദേശപ്രകാരം ഇതിലേയ്ക്ക് ഒരു അപ്പെക്സ് ബോഡി രൂപീകരിച്ചിരുന്നു. എന്നാൽ 13.11.2008-ൽ നൽകിയ കത്തിൽ കൃഷി ഓഫീസർ തനിക്ക് ട്രാക്ടറിന്റെ

വാടകയിനത്തിൽ ലഭിക്കുന്ന തുക സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും ഇപ്രകാരം പണം സ്വീകരിക്കുന്നതിനായി അപ്പെക്സ് ബോഡി വിപുലീകരിച്ച് ഒരു ട്രഷറെ നിയമിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി.

പ്രോജക്ടിന്റെ ചുമതല കൃഷി ഓഫീസർ തന്നെ ഏറ്റെടുക്കേണ്ടതുണ്ട്. അപ്പെക്സ് ബോഡിയെ ഒരു നിർവ്വഹണസമിതിയായി കണക്കാക്കാൻ കഴിയില്ല. പണസംബന്ധമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെയല്ലാതെ മറ്റാരെയും ചുമതലപ്പെടുത്താൻ നിർവാഹമില്ല. ഭക്ഷ്യസ്വയംപര്യാപ്തതയെപ്പറ്റി ജനകീയ അവബോധം വളർത്താൻ ശ്രമിക്കുന്ന ഒരു വകുപ്പിലെ ഉത്തരവാദിത്വമുള്ള ഒരു ഉദ്യോഗസ്ഥൻ കാർഷിക മുന്നേറ്റത്തിന് ഉതകുന്ന ഒരു പദ്ധതിയോട് നിസഹരിക്കുന്നത് അഭിലഷണീയമല്ല.

പഞ്ചായത്ത് നിയമിക്കുന്ന ഡ്രൈവർ വാടകയിനത്തിൽ ലഭിക്കുന്ന പണം ശേഖരിച്ച് അതത് ദിവസം പഞ്ചായത്തിൽ അടയ്ക്കുകയാണെങ്കിൽ കൃഷി ഓഫീസറുടെ ജോലിഭാരം ലഘൂകരിക്കാനാകും. പണം കൃത്യമായി അടയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് കൃഷി ഓഫീസറുടെ മേൽനേട്ടം ഉണ്ടായാൽ മതിയാകും.

ആസ്തികൾ ഏറ്റെടുത്ത് നിർവ്വഹണം ആരംഭിക്കാൻ കൃഷി ഓഫീസർക്ക് വീണ്ടും നിർദ്ദേശം നൽകിയെങ്കിലും അപ്പെക്സ് ബോഡിക്ക് സമാന്തരമായി നിർവ്വഹണ ഉദ്യോഗസ്ഥൻ പാടശേഖരങ്ങളുടെ സംയുക്ത സമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പിരിച്ചുവിട്ട് ഇത് സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസറോട് ആവശ്യപ്പെട്ടതിനെത്തുടർന്ന് കൃഷി ഓഫീസർ വിശദീകരണം നൽകിയെങ്കിലും അവ തൃപ്തികരമല്ല. അതിനാൽ വിഷയം മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിനോടും തദ്ദേശസ്വയംഭരണ വകിപ്പിനോടും അനന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

*****